പ്രൊഫ. സി. രവീന്ദ്രനാഥ്
വിദ്യാഭ്യാസ വകുപ്പുമന്ത്രി
കേരള സർക്കാർ

01/11/2017

കുറിപ്പ്

സി.വി.രാമന്റെ 129-ാം ജന്മദിനം, മേരിക്യൂറിയുടെ 150-ാം ജന്മവാർഷികം എന്നിവ ചേർന്നുവരുന്ന നവംബർ 7 മുതൽ ജവഹർലാൽ നെഹ്രുവിന്റെ ജന്മദിനമായ നവംബർ 14 വരെയുള്ള ഒരാഴ്ച **ശാസ്ത്രാവബോധവാരമായി** ആഘോഷിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും, കേരള ശാസ്ത്ര സാഹിത്യ പരിഷത്തും ചേർന്നാണ് ഇത് സംബന്ധിച്ച പരിപാടികൾ സംഘടിപ്പിക്കുന്നത്.

ഇതിൻറെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലും താഴെ പറയുന്ന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

1. നവംബർ 7 മുതൽ 14 വരെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ശാസ്ത്രാവബോധ വാരമായി ആഘോഷിക്കണം.
2. നവംബർ 7-ന് എല്ലാ സ്കൂളുകളിലും സ്പെഷ്യൽ അസംബ്ലി വിളിച്ചുചേർത്ത് ശാസ്ത്രാവബോധ വാരം സംബന്ധിച്ച സന്ദേശം അവതരിപ്പിക്കുകയും പോസ്റ്റർ പ്രകാശിപ്പിക്കുകയും വേണം. ഇതിനാവശ്യമായ സന്ദേശം വിദ്യാഭ്യാസ വകുപ്പ് വഴിയും പോസ്റ്റർ ബി.ആർ.സി വഴിയും സ്കൂളുകളിൽ ലഭ്യമാക്കും.
3. ശാസ്ത്രാവബോധ വാരത്തിൽ സ്കൂളുകളിൽ പ്രപഞ്ചം, ജീവൻ, കാലാവസ്ഥാ മാറ്റം തുടങ്ങിയ വിഷയങ്ങളിൽ ശാസ്ത്ര ക്ലാസ്സുകളും ശാസ്ത്ര പ്രവർത്തനങ്ങൾ, ശാസ്ത്ര പ്രദർശനങ്ങൾ, ശാസ്ത്ര പരീക്ഷണങ്ങൾ തുടങ്ങിയവയും സംഘടിപ്പിക്കണം.
4. താൽപര്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സയൻസ് ആൻറ് ടെക്നോളജി കൗൺസിലിൻറെ വെബ്സൈറ്റ് വഴി ഇത് സംബന്ധിച്ച് നടക്കുന്ന വിവിധങ്ങളായ പ്രവർത്തന പരിപാടികളുമായി ബന്ധപ്പെടാവുന്നതാണ്.
5. സയൻസ് ടൂറുകൾ സംഘടിപ്പിക്കണം. എൽ.പി, യു.പി സ്കൂളുകളിൽ നിന്നും കുട്ടികളെ തൊട്ടടുത്ത എച്ച്..എസ്.എസ് ലാബിലേയ്ക്കും ഹൈസ്കൂൾ ഹയർ സെക്കൻററി കുട്ടികളെ കോളേജ് ലാബിലേയ്ക്കും അടുത്ത ഫാക്ടറികളിലേയ്ക്കും സന്ദർശിക്കാന് കൊണ്ടുപോകുന്ന പഠന യാത്രകളാണ് സയൻസ് ടൂറുകൾ.
6. ശാസ്ത്രജാലകം-വിദ്യാർത്ഥികൾക്ക് ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങൾ പരിചയപ്പെടാനുള്ള പരിപാടിയാണ് ശാസ്ത്ര ജാലകം. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൻറെ സ്ഥാപനങ്ങളിൽ ശാസ്ത്ര വാരത്തിൽ അതിനുള്ള അവസരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

ആയതിനാൽ ശാസ്ത്രാവബോധവാരത്തിന്റെ വിജയത്തിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടർ എന്നിവർക്ക് അടിയന്തിര നിർദ്ദേശം നല്കേണ്ടതാണ്.

സി.രവീന്ദ്രനാഥ്

സെക്രട്ടറി
പൊതുവിദ്യാഭ്യാസ വകുപ്പ്

പകർപ്പ്: ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്

ഓഫീസ് : അഞ്ചാം നില, റൂം നമ്പർ 505
ഗവൺമെന്റ് സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695 001
ഫോൺ-ഓഫീസ് : 0471-2327574 ഫാക്സ് : 0471-2332133 വസതി : 0487-2383229
മൊബൈൽ : 9447973300 വെബ്സൈറ്റ് : www.ravindranath.org